**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **01-02-2023 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ ആളുകളെ പാലിയേറ്റീവ് പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നത് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് കൂടുതൽ ആളുകളെ പാലിയേറ്റീവ് പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുമായി ഒരു പാലിയേറ്റീവ് നയം 2019-ൽ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു.<br><br>പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16.11.2022 തീയതിയിലെ സ.ഉ(സാധാ) നം. 2744/2022/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും, പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കുകയും, പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം കൂടുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ, വീടുകളിൽ നേഴ്സിങ് മെഡിക്കൽ പരിചരണം നൽകുന്ന സന്നദ്ധ സംഘടനകൾക്ക് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനതല രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുവാൻ വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും, എല്ലാ മെഡിക്കൽ കോളേജുകളിലും ഏകീകൃത രീതിയിൽ പാലിയേറ്റീവ് കെയർ വിഭാഗം അടിയന്തരമായി ആരംഭിക്കാനും മെഡിക്കൽ വിദ്യാർഥികൾക്ക് പാലിയേറ്റീവ് കെയർ പരിശീലനം ലഭ്യമാക്കുവാനും, പാലിയേറ്റീവ് കെയറിൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചു.<br><br>സംസ്ഥാനത്ത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലൂടെയും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലൂടെയും ഇതര വകുപ്പുകളിലൂടെയും നടപ്പിലാക്കി വരുന്നുണ്ട്. പാലിയേറ്റിവ് പ്രവർത്തനങ്ങളിൽ താല്പര്യമുള്ള നിരവധി പേർ വിവിധ സംഘടനകളുടെ ഭാഗമായി കർമ്മ ഭൂമിയിൽ വ്യാപൃതരാണ്. ഈ സന്നദ്ധ പ്രവർത്തകർക്ക് എല്ലാം തന്നെ ഏകീകൃതമായ പ്രവൃത്തി പരിചയം |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്കോൾ കേരളയുമായി സഹകരിച്ചുകൊണ്ട് വോളന്റിയർമാർക്കും, ഹോം നേഴ്സുമാർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ ആരോഗ്യ വകുപ്പിന്റെ ജില്ലാ പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങളിൽ വെച്ച് സാന്ത്വന ചികിത്സാ പരിശീലനവും സർട്ടിഫിക്കറ്റ് കോഴ്സുകളും തുടർച്ചയായി നൽകി വരുന്നു. സംസ്ഥാനത്തെ വിവിധ അംഗീകൃത സന്നദ്ധ സംഘടനകളും പാലിയേറ്റീവ് പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ